# 010/2017 - M

1. റോഡിൽ മുൻഗണന നൽകേണ്ട വാഹനം :
   (A) ആംബുലൻസ്
   (B) പൊലീസ് വാഹനം
   (C) ഗവർണറുടെ വാഹനം
   (D) KSRTC സൂപ്പർ ഡീലക്സ് ബസ്

2. അംബാസിഡർ കാറിന്റെ നിർമ്മാതാക്കൾ :
   (A) ജനറൽ മോട്ടോർസ്
   (B) മഹീന്ദ്രാ
   (C) ഹിന്ദുസ്ഥാൻ മോട്ടോർസ്
   (D) ടൊയോട്ടാ

3. വാഹന പുകപരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി :
   (A) 12 മാസം (B) 6 മാസം (C) 9 മാസം (D) രണ്ട് വർഷം

4. മോട്ടോർ വാഹന നിയമ പ്രകാരം നിരോധിച്ചിരിക്കുന്ന ഹോൺ :
   (A) ബൽബ്ഹോൺ
   (B) വാക്വം ഹോൺ
   (C) ഇലക്ട്രിക് ഹോൺ
   (D) എയർ ഹോൺ

5. 'U' ടേൺ തിരിയുന്നതിന് ഡ്രൈവർ നൽകേണ്ട സിഗ്നൽ :
   (A) വേഗത കുറയ്ക്കുന്നതിനുള്ള സിഗ്നൽ
   (B) ഇടത്തേയ്ക്ക് തിരിയുന്നതിനുള്ള സിഗ്നൽ
   (C) വലത്തേയ്ക്ക് തിരിയുന്നതിനുള്ള സിഗ്നൽ
   (D) ഇവയൊന്നുമല്ല

6. എത്ര കാലത്തേയ്ക്കാണ് സ്വകാര്യ വാഹനത്തിന് ഒറ്റ തവണ ടാക്സ് ഈടാക്കുന്നത് ?
   (A) 15 വർഷം (B) 12 വർഷം (C) 5 വർഷം (D) 20 വർഷം

7. വാഹനം രാത്രിയിൽ പൊതു സ്ഥലത്ത് പാർക്ക് ചെയ്യുമ്പോൾ :
   (A) ട്രാഫിക് പൊലീസിൽ അറിയിച്ചിരിക്കണം
   (B) ഡ്രൈവർ സീറ്റിൽ ഉണ്ടായിരിക്കണം
   (C) ടെയിൽ ലാമ്പ് പ്രകാശിപ്പിക്കണം
   (D) പാർക്ക് ലൈറ്റുകൾ പ്രകാശിപ്പിക്കണം

8. ഡ്രൈവേർസ് ബാഡ്ജ് എടുക്കുന്നതിനുള്ള കുറഞ്ഞ പ്രായം :
   (A) 18 വയസ് (B) 21 വയസ് (C) 20 വയസ് (D) 25 വയസ്

9. KL 15 കേരളത്തിലെ ഏത് ജില്ലയുടെ രജിസ്ട്രേഷൻ കോഡ് ആണ് ?
   (A) കണ്ണൂർ (B) കാസർഗോഡ് (C) വയനാട് (D) ഇവയൊന്നുമല്ല

10. വാഹനം റിവേഴ്സ് എടുക്കാൻ പാടില്ലാത്തത് എവിടെ ?

(A) കോടതി പരിസരത്ത്

(B) സൈഡ് റോഡിൽ നിന്നും പ്രധാന റോഡിലേയ്ക്ക്

(C) ദേശീയ പാതയിൽ

(D) പ്രധാന റോഡിൽ നിന്നും സൈഡ് റോഡിലേയ്ക്ക്

11. മുന്നിൽ പോകുന്ന വാഹനത്തെ ഓവർടേക്ക് ചെയ്യാൻ അനുവദിച്ചിട്ടുള്ള ഒരു സാഹചര്യം :

(A) മുൻപിലുള്ള വാഹനം വേഗത കുറച്ച് കടന്നു പോകുവാനുള്ള സിഗ്നൽ നൽകുമ്പോൾ

(B) റോഡിന് വേണ്ടത്ര വീതിയുണ്ടെങ്കിൽ

(C) ഇറക്കം ഇറങ്ങുമ്പോൾ

(D) ഇവയൊന്നുമല്ല

12. പുറകിൽ വരുന്ന വാഹനം നമ്മുടെ വാഹനത്തെ ഓവർടേക്ക് ചെയ്യാൻ തുടങ്ങുമ്പോൾ നാം മറ്റൊരു വാഹനത്തെ :

(A) ഓവർടേക്ക് ചെയ്യാവുന്നതാണ് (B) ഹോൺ മുഴക്കി ഓവർടേക്ക് ചെയ്യാം

(C) ഓവർടേക്ക് ചെയ്യാൻ പാടില്ല (D) ഇവയൊന്നുമല്ല

13. നിങ്ങൾ ഓടിക്കുന്ന വാഹനം കാവൽക്കാരനും ഗേറ്റും ഇല്ലാത്ത ലെവൽ ക്രോസിൽ എത്തുമ്പോൾ :

(A) വാഹനം നിറുത്തി ഡ്രൈവർ ഇറങ്ങി പാളത്തിൽ പോയി ഇരുവശവും നോക്കി ട്രെയിൻ വരുന്നില്ലായെന്ന് ഉറപ്പാക്കിയശേഷം കടന്നു പോകണം

(B) ട്രെയിൻ കടന്നു പോകുന്നതുവരെ കാത്ത് നിൽക്കണം

(C) ഹോൺ മുഴക്കി വേഗത്തിൽ ഓടിക്കണം

(D) ഇവയൊന്നുമല്ല

14. ഹോൺ മുഴക്കുന്നത് നിരോധിച്ചിരിക്കുന്നത് :

(A) ആരാധനാലയങ്ങൾക്ക് സമീപം (B) ആശുപത്രി, കോടതി പരിസരത്ത്

(C) പൊലീസ് സ്റ്റേഷനു സമീപം (D) റേഡിയോ നിലയത്തിന് സമീപം

15. കാലാവധി കഴിഞ്ഞ ഡ്രൈവിംഗ് ലൈസൻസ് ഉപയോഗിച്ച് വാഹനം ഓടിച്ചാൽ ഈടാക്കാവുന്ന പിഴ :

(A) 2000 രൂപ (B) 500 രൂപ (C) 1000 രൂപ (D) 1500 രൂപ

16. ദേശീയ പാതയിൽ ഒരേ ദിശയിൽ ഓടുന്ന രണ്ട് വാഹനങ്ങൾ തമ്മിൽ പാലിക്കേണ്ട അകലം :

(A) സുരക്ഷിതമായ അകലം (B) 12 മീറ്റർ

(C) വാഹനത്തിന്റെ നീളത്തിന്റെ ഇരട്ടി (D) 5 മീറ്റർ

17. നിങ്ങളുടെ വാഹനത്തിനു പുറകെ ഒരു ആംബുലൻസ് വന്നാൽ ചെയ്യേണ്ടത് :

(A) എതിർ ദിശയിൽ വാഹനങ്ങൾ ഇല്ലെങ്കിൽ കടന്നു പോകാൻ അനുവദിക്കാം

(B) കടന്നു പോകാൻ അനുവദിക്കേണ്ടതില്ല

(C) വാഹനം ഇടത്ത് വശത്തേക്ക് ഒതുക്കി പെട്ടെന്ന് കടന്നുപോകാൻ അനുവദിക്കാം

(D) ഇവയൊന്നുമല്ല

18. വാഹനം ഓടിച്ചു വരുമ്പോൾ മഞ്ഞ ട്രാഫിക് സിഗ്നൽ ലൈറ്റ് തെളിഞ്ഞാൽ :

(A) വാഹനം നിറുത്തും

(B) അപകട സാധ്യതയില്ലെന്ന് ഉറപ്പ് വരുത്തി കടന്നുപോകും

(C) ഹോൺ മുഴക്കി കടന്നുപോകും

(D) വാഹനം നിറുത്താൻ തയ്യാറാകും

19. മോട്ടോർ വാഹന നിയമം 185 പ്രകാരം ശിക്ഷ നൽകുന്നതിന് ഡ്രൈവറുടെ രക്തത്തിലെ ആൽക്കഹോളിന്റെ അളവ് :

(A) 40 mg/100 ml -ന് മുകളിൽ (B) 30 mg/100 ml -ന് മുകളിൽ

(C) 30 mg/ലിറ്റർ (D) 40 mg/ലിറ്റർ

20. വാഹന അപകടം ഉണ്ടായാൽ വിവരം ഡ്രൈവർ പൊലീസിനെ അറിയിക്കേണ്ടത് :

(A) അഡ്വക്കേറ്റുമായി സംസാരിച്ചശേഷം

(B) ഇൻഷൂറൻസ് കമ്പനിയെ അറിയിച്ചശേഷം

(C) കഴിയുന്നിടത്തോളം പെട്ടെന്ന് അഥവാ 24 മണിക്കൂറിനകം

(D) ഇവയൊന്നുമല്ല

21. ഒരു ട്രാഫിക് ജംങ്ഷനിൽ നേരെ മുൻപിലേക്ക് ഓടിച്ചു പോകുന്നതിന് ഡ്രൈവർ നൽകേണ്ട സിഗ്നൽ :

(A) ഒരു സിഗ്നലും നൽകേണ്ടതില്ല (B) രണ്ട് ഇൻഡിക്കേറ്ററുകളും പ്രകാശിപ്പിക്കണം

(C) ഹെഡ്‌ലൈറ്റ് പ്രകാശിപ്പിക്കണം (D) ഇവയൊന്നുമല്ല

22. മോട്ടോർ വാഹന നിയമ പ്രകാരം ഫസ്റ്റ് എയ്ഡ് ബോക്സിൽ എത്ര തരം സാധനങ്ങൾ ഉണ്ടായിരിക്കണം ?

(A) 16 (B) 10 (C) 9 (D) 13

23. മണിക്കൂറിൽ 70 കിലോ മീറ്റർ വേഗതയിൽ 175 കിലോ മീറ്റർ യാത്ര ചെയ്യുന്നതിന് എത്ര സമയം വേണ്ടി വരും ?

(A) 2 മണിക്കൂറും 20 മിനിറ്റും (B) രണ്ടര മണിക്കൂർ

(C) 2 മണിക്കൂർ (D) ഇവയൊന്നുമല്ല

24. ഡ്രൈവർ നിർബന്ധമായും പാലിക്കേണ്ട റോഡ് സൈനുകൾ ഏത് രീതിയിൽ പ്രദർശിപ്പിച്ചിരിക്കുന്നു ?

(A) ത്രികോണാകൃതിയിൽ
(B) വൃത്താകൃതിയിൽ
(C) ചതുരാകൃതിയിൽ
(D) ഇവയൊന്നുമല്ല

25. സുരക്ഷിതമായി വാഹനം ഓടിക്കുന്ന ഡ്രൈവർ ട്രാഫിക് പൊലീസോ സിഗ്നലോ ഇല്ലാത്ത രണ്ട് പ്രധാന റോഡുകൾ യോജിക്കുന്ന നാൽക്കവലയിൽ എത്തുമ്പോൾ :

(A) മറ്റു റോഡുകളിൽ നിന്നുള്ള വാഹനങ്ങൾ പോയി കഴിയും വരെ കാത്തു നിൽക്കും.
(B) വലത് വശത്ത് നിന്നും വരുന്ന വാഹനങ്ങളെ കടത്തി വിട്ട് ആവശ്യമായ സിഗ്നലുകൾ നൽകി കടന്നുപോകും.
(C) സിഗ്നൽ കാണിച്ച് ഹോൺ മുഴക്കി കടന്നുപോകും.
(D) ഇടത് വശത്ത് നിന്നും വരുന്ന വാഹനത്തെ കടത്തി വിട്ട ശേഷം കടന്നു പോകും.

26. സർക്കാർ ഉടമസ്ഥതയിലുള്ള മോട്ടോർ കാറിന്റെ നമ്പർ ബോർഡ് പ്രദർശിപ്പിക്കേണ്ടത് :

(A) മഞ്ഞ പ്രതലത്തിൽ കറുത്ത അക്ഷരത്തിൽ
(B) വെള്ളുത്ത പ്രതലത്തിൽ കറുത്ത അക്ഷരത്തിൽ നമ്പർ എഴുതി ചുവന്ന അക്ഷരത്തിൽ കേരള സർക്കാർ എന്ന് എഴുതുണം
(C) വെള്ളുത്ത പ്രതലത്തിൽ കറുത്ത അക്ഷരത്തിൽ
(D) ഇവയൊന്നുമല്ല

27. ഇന്ധന ടാങ്കിൽ എത്രത്തോളം ഇന്ധനം ഉണ്ടെന്നറിയുന്നതിന് ഉപയോഗിക്കുന്നത് :

(A) ഓഡോമീറ്റർ
(B) ഫ്യൂവൽഗേജ്
(C) പ്രഷർഗേജ്
(D) ഇവയൊന്നുമല്ല

28. എൻജിനിലേക്കുള്ള ഇന്ധനത്തിന്റെ അളവ് വർദ്ധിപ്പിച്ച് എൻജിന്റെ വേഗത കൂട്ടുന്നതിന് :

(A) മാസ്റ്റർ സിലിണ്ടർ
(B) ഫ്യൂവൽ പമ്പ്
(C) ചോക്ക്
(D) ആക്സിലറേറ്റർ

29. രാത്രികാലത്ത് മൂടൽ മഞ്ഞിലൂടെ വാഹനം ഓടിക്കുമ്പോൾ :

(A) ഹെഡ്ലൈറ്റ് ഡിപ്പ് ചെയ്ത് ഫോഗ് ലൈറ്റ് പ്രകാശിപ്പിക്കുക
(B) ഹെഡ്ലൈറ്റ് ഹൈബീം പ്രകാശിപ്പിക്കുക
(C) എല്ലാ ലൈറ്റുകളും പ്രകാശിപ്പിക്കുക
(D) ഇവയൊന്നുമല്ല

30. മാരുതി 800-ന്റെ എൻജിനിൽ എത്ര സിലിണ്ടറുകൾ ഉണ്ട് ?

(A) 4
(B) 2
(C) 3
(D) 6

31. ഒരു വാഹനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പിടിച്ചെടുക്കുന്നത് :

(A) അമിത വേഗതയിൽ ഓടിച്ചാൽ

(B) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ

(C) ഡ്രൈവിംഗ് ലൈസൻസ് ഇല്ലെങ്കിൽ

(D) വാഹനത്തിന് രജിസ്ട്രേഷനും ടാക്സും ഇല്ലെങ്കിൽ

32. വഴിയാത്രക്കാർക്കോ മറ്റ് വാഹനങ്ങൾക്കോ തടസം ഉണ്ടാകും വിധം വാഹനം പൊതു സ്ഥലത്ത് പാർക്ക് ചെയ്താൽ :

(A) രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്

(B) ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യാവുന്നതാണ്

(C) പിഴമാത്രം ഈടാക്കാവുന്നതാണ്

(D) കുറ്റകരമല്ല

33. ചുവന്ന സിഗ്നൽ ലൈറ്റ് സൂചിപ്പിക്കുന്നത് :

(A) വാഹനം നിറുത്തുക

(B) ശ്രദ്ധിച്ച് പോവുക

(C) വാഹനത്തിനു കടന്നു പോകാം

(D) വേഗത കുറച്ച് പോവുക

34. സ്കൂൾ ബസുകൾ കുട്ടികളെ കയറ്റുന്നതിനായി നിറുത്തിയിരിക്കുമ്പോൾ :

(A) ഹോൺ മുഴക്കി വരുന്ന വേഗതയിൽ ഓടിച്ചു പോവുക

(B) വാഹനം നിറുത്തുക

(C) പ്രത്യേക ശ്രദ്ധ ആവശ്യമില്ല

(D) കുട്ടികൾ റോഡ് മുറിച്ച് കടക്കാനുള്ള സാധ്യത മുന്നിൽ കണ്ട് കരുതലോടെ വേഗത കുറച്ച് ഓടിച്ച് പോവുക.

35. അന്ധൻമാർ വെള്ളത്ത വടിയുടെ സഹായത്താൽ റോഡ് മുറിച്ച് കടക്കുമ്പോൾ :

(A) ഹോൺ മുഴക്കി കടന്നുപോവുക

(B) വെള്ളത്ത വടി നിറുത്താനുള്ള അടയാളമായി പരിഗണിച്ച് വാഹനം നിറുത്തുക

(C) വേഗത കുറച്ച് കടന്നു പോവുക

(D) ഇവയൊന്നുമല്ല

36. ആശുപത്രിയ്ക്ക് സമീപം ഹോൺ മുഴക്കേണ്ട സാഹചര്യം നിങ്ങൾക്കുണ്ടായാൽ :

(A) തുടർച്ചയായി ഹോൺ ശബ്ദിപ്പിക്കും

(B) ഇടവിട്ട് ഹോൺ മുഴക്കും

(C) ഹെഡ്‌ലൈറ്റ് പ്രകാശിപ്പിച്ച് കാണിക്കും

(D) വേഗത കുറച്ച് ഹോൺ ശബ്ദിപ്പിക്കേണ്ട സാഹചര്യം പരമാവധി ഒഴിവാക്കും

37. രജിസ്റ്റർ ചെയ്യാത്ത വാഹനം പൊതുസ്ഥലത്ത് ഉപയോഗിക്കുന്നത് :
(A) നിയമ വിരുദ്ധമാണ്
(B) നിയമപരമാണ്
(C) അത്യാവശ്യമെങ്കിൽ ഉപയോഗിക്കാം
(D) അനുമതി ഉണ്ടെങ്കിൽ ഉപയോഗിക്കാം

38. ചുവടെ ചേർക്കുന്ന ഏത് സ്ഥലത്താണ് വാഹനം പാർക്ക് ചെയ്യാൻ പാടില്ലാത്തത് ?
(A) റോഡരികിൽ
(B) ATM കൗണ്ടറിനുമുന്നിൽ
(C) ട്രാഫിക് സിഗ്നൽ ലൈറ്റിനു സമീപം
(D) ഇവയൊന്നുമല്ല

39. രാത്രിയിൽ ഒരു വാഹനത്തിനു പിന്നിലായി വാഹനം ഓടിക്കുമ്പോൾ :
(A) ഹെഡ്‌ലൈറ്റ് ഹൈബീമിൽ ആയിരിക്കണം
(B) ഇൻഡിക്കേറ്ററുകൾ പ്രകാശിപ്പിക്കണം
(C) ഹെഡ്‌ലൈറ്റ് ഡിപ്പ് ചെയ്തിരിക്കണം
(D) ഇവയൊന്നുമല്ല

40. മുൻപിൽ പോകുന്ന വാഹനത്തിന്റെ ഡ്രൈവർ വലതു കൈ പുറത്തേക്ക് നീട്ടി കൈപ്പത്തി റോഡിന് സമാന്തരമായി പിടിച്ച് പല തവണ പൊക്കുകയും താഴ്ത്തുകയും ചെയ്താൽ :
(A) ആ വാഹനം വലത്തോട്ട് തിരിയുന്നു എന്ന് കാണിക്കുന്നു
(B) ഓവർടേക്ക് ചെയ്യാൻ അനുമതി നൽകുന്നു
(C) ആ വാഹനം ഇടത്തോട്ട് തിരിയുന്നു എന്ന് കാണിക്കുന്നു
(D) ആ വാഹനം വേഗത കുറയ്ക്കുന്നു എന്ന് കാണിക്കുന്നു

41. ചുവപ്പ് ട്രാഫിക് ലൈറ്റ് ഇടവിട്ട് തെളിയുമ്പോൾ :
(A) വാഹനം നിറുത്തി അപകടം ഇല്ലായെന്ന് ഉറപ്പ് വരുത്തിയതിനുശേഷം കടന്നു പോകും
(B) പച്ച ലൈറ്റ് തെളിയും വരെ കാത്ത് നിൽക്കും
(C) 'U' ടേൺ എടുത്ത് തിരികെ പോകും
(D) വാഹനം വേഗത കുറച്ച് കടന്നു പോകും

42. "ഡിഫൻസീവ് ഡ്രൈവിംഗ്" എന്നത് കൊണ്ട് അർത്ഥമാക്കുന്നത് :
(A) സിഗ്നലുകൾ അവഗണിച്ച് കൃത്യസമയത്ത് ലക്ഷ്യത്തിലെത്തുന്നതിനായുള്ള ഡ്രൈവിംഗ്
(B) റോഡിന് മദ്ധ്യഭാഗത്ത് കൂടി വാഹനം ഓടിക്കുന്നത്
(C) റോഡ് ഉപയോഗിക്കുന്ന മറ്റുള്ളവർ ശ്രദ്ധിച്ചുകൊള്ളും എന്ന കരുതലോടെ വാഹനം ഓടിക്കുന്നത്
(D) റോഡ് ഉപയോഗിക്കുന്ന ആരിൽ നിന്നും നിയമ ലംഘനം ഉണ്ടായി അപകടം ഉണ്ടാകാം എന്ന കരുതലോടെ സ്വയം രക്ഷാർത്ഥം വാഹനം ഓടിക്കുന്നത്.

43. മോട്ടോർ വാഹന നിയമ പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണ്ടത് ഏത് തരം വാഹനത്തിന് ?
(A) മോട്ടോർ കാർ
(B) എക്സ്കവേറ്റർ
(C) ട്രാൻസ്പോർട്ട് വാഹനങ്ങൾ
(D) ഇവയൊന്നുമല്ല

44. ഇൻഷുറൻസ് ഇല്ലാതെ വാഹനം ഓടിക്കുന്നത് :
(A) 100/- രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണ്
(B) 2000/- രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണ്
(C) 1000/- രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണ്
(D) 14 ദിവസം റിമാന്റ് ചെയ്യാവുന്ന കുറ്റമാണ്

45. ലൈറ്റ് മോട്ടോർ വാഹനം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് :
(A) വാഹനത്തിന്റെ ആകെ ഭാരം 7500 kg -ന് താഴെ
(B) 7 സീറ്റ് വരെ ക്രമീകരിക്കാവുന്ന വാഹനം
(C) പെർമിറ്റ് ആവശ്യമില്ലാത്ത വാഹനം
(D) ഇവയൊന്നും അല്ല

46. ഡ്രൈവർ ഉൾപ്പെടെ 5 പേർക്ക് സഞ്ചരിക്കാവുന്ന സർക്കാർ വാഹനം മോട്ടോർ വാഹന നിയമ പ്രകാരം ഏത് ക്ലാസിൽപ്പെടും :
(A) പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ
(B) മോട്ടോർകാർ
(C) മോട്ടോർ ക്യാബ്
(D) മാക്സിക്യാബ്

47. ഒരു വാഹനത്തിന്റെ എൻജിൻ അഴിച്ചു പണി ചെയ്യേണ്ടിവരുന്ന സാഹചര്യം :
(A) കംപ്രഷൻ കുറയുമ്പോൾ
(B) ലൂബ്രിക്കേറ്റിംങ് ഓയിലിന്റെ ഉപയോഗം കൂടുമ്പോൾ
(C) എൻജിൻ തകരാർ കാണിക്കുമ്പോൾ
(D) മുകളിൽ സൂചിപ്പിച്ച എല്ലാ അവസരത്തിലും

48. എൻജിൻ അമിതമായി ചൂടാകാതെ അതിന്റെ പ്രവർത്തനത്തിനു വേണ്ട താപനില ക്രമീകരിക്കുന്നതിന് സഹായിക്കുന്നത് :
(A) വാട്ടർ പമ്പ്
(B) ടെമ്പറേച്ചർ ഗേജ്
(C) റേഡിയേറ്റർ
(D) ഇവയൊന്നുമല്ല

49. എൻജിൻ ഓയിൽ ഉപയോഗിക്കുന്നത് എൻജിന്റെ :
(A) താപനില ക്രമീകരിക്കുന്നതിന്
(B) വേഗത നിയന്ത്രിക്കുന്നതിന്
(C) തേയ്മാനം കുറയ്ക്കുന്നതിന്
(D) ഇവയൊന്നുമല്ല

50. വാഹനങ്ങളിൽ സാധാരണയായി ഉപയോഗിക്കുന്ന ബാറ്ററി :
(A) ലെഡ്-ആസിഡ് ബാറ്ററി (B) നിക്കൽ-കാഡ്മിയം ബാറ്ററി
(C) ഡ്രൈസെൽ (D) ഇവയൊന്നുമല്ല

51. 2015 -ലെ വയലാർ അവാർഡ് ലഭിച്ചതാർക്ക് ?
(A) K.P. രാമനുണ്ണി (B) സുഭാഷ്ചന്ദ്രൻ
(C) വിഷ്ണു നാരായണൻ നമ്പൂതിരി (D) സേതു

52. സ്വതന്ത്ര ഇൻഡ്യയുടെ ആദ്യത്തെ ഗവർണ്ണർ ജനറൽ ആര് ?
(A) മൗണ്ട്ബാറ്റൺ പ്രഭു (B) ഡോ. രാജേന്ദ്രപ്രസാദ്
(C) ജവഹർലാൽ നെഹ്റു (D) സി. രാജഗോപാലാചാരി

53. പോർച്ചുഗീസ് ആധിപത്യത്തിൽ നിന്നും ഗോവയെ മോചിപ്പിച്ചവർഷം ഏത് ?
(A) 1951 (B) 1981 (C) 1971 (D) 1961

54. 1953-ൽ രൂപീകരിച്ച സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ അദ്ധ്യക്ഷൻ ആരായിരുന്നു ?
(A) സെയ്ഫുദ്ദീൻ കിച്ച്ലു (B) ഹൃദയനാഥ് കുസ്രു
(C) ഡോ. ഫസിൽഅലി (D) ഡോ. രാധാകൃഷ്ണൻ

55. ഇന്ത്യയിൽ ആദ്യത്തെ ചണമില്ല് സ്ഥാപിച്ച സ്ഥലം ഏത് ?
(A) കാൺപൂർ (B) ആഗ്ര (C) റിഷ്റ (D) വാറംഗൽ

56. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ഏത് ?
(A) തമിഴ്നാട് (B) മഹാരാഷ്ട്ര (C) കർണ്ണാടകം (D) കേരളം

57. ദക്ഷിണ റെയിൽവേയുടെ ആസ്ഥാനം ഏത് ?
(A) തിരുവനന്തപുരം (B) ചെന്നൈ (C) മുംബൈ (D) പാലക്കാട്

58. 1946-ൽ ആനന്ദ് എന്ന നഗരത്തിൽ ഖേദ ജില്ലാ സഹകരണ പാലുല്പാദകയൂണിയൻ സ്ഥാപിച്ചു. ഇത് ഏതു സംസ്ഥാനത്തായിരുന്നു ?
(A) ഗുജറാത്ത് (B) ആന്ധ്രപ്രദേശ് (C) തമിഴ്നാട് (D) കർണ്ണാടകം

59. ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവ് എന്നറിയപ്പെടുന്നതാര് ?
(A) H.J. ഭാഭ (B) വിക്രം സാരാഭായ്
(C) രാമാനുജൻ (D) സി.വി. രാമൻ

60. തിരുവിതാംകൂറിൽ ക്ഷേത്ര കഴകക്കാർക്ക് പതിച്ചു നല്കിയിരുന്ന ഭൂമി, ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?
(A) ദേവസ്വം ഭൂമി
(B) പണ്ടാരംവക ഭൂമി
(C) ബ്രഹ്മസ്വം ഭൂമി
(D) വിരുത്തി ഭൂമി

61. 1972-ലെ സിംലാകരാറിൽ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രി ആര് ?
(A) രാജീവ് ഗാന്ധി
(B) ജവഹർലാൽ നെഹ്റു
(C) ലാൽബഹദൂർ ശാസ്ത്രി
(D) ഇന്ദിരാഗാന്ധി

62. ഇന്ത്യയിൽ ജനസാന്ദ്രത കൂടിയ സംസ്ഥാനം ഏത് ?
(A) പശ്ചിമബംഗാൾ (B) ഒറീസ്സ (C) ഉത്തർപ്രദേശ് (D) മദ്ധ്യപ്രദേശ്

63. 1913-ൽ ഗദ്ദർ പാർട്ടി രൂപീകരിച്ചതാര് ?
(A) ലാലാ ലജ്പത്റായി
(B) ബാലഗംഗാധര തിലകൻ
(C) ലാലാ ഹർദയാൽ
(D) W.C. ബാനർജി

64. 1929 -ലെ സമ്മേളനത്തിൽ 'പൂർണ്ണ സ്വരാജാണ്' അന്തിമലക്ഷ്യമെന്ന് കോൺഗ്രസ്സ് പ്രഖ്യാപിച്ചു. ഈ സമ്മേളനം നടന്ന സ്ഥലം എവിടെയായിരുന്നു ?
(A) ലാഹോർ (B) മുംബെ (C) ലക്നൗ (D) ഡൽഹി

65. "അമർ സോനാ ബംഗ്ലാ" എന്ന പ്രസിദ്ധമായ ഗാനം രചിച്ചതാര് ?
(A) സരോജിനി നായിഡു
(B) രവീന്ദ്രനാഥ ടാഗോർ
(C) ബിപിൻ ചന്ദ്രപാൽ
(D) ബങ്കിം ചന്ദ്രചാറ്റർജി

66. പാരദ്വീപ് തുറമുഖം ഏത് സംസ്ഥാനത്താണ് ?
(A) പശ്ചിമബംഗാൾ (B) ഗുജറാത്ത് (C) ഒറീസ്സ (D) മഹാരാഷ്ട്ര

67. ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്ക് നേതൃത്വം നല്കിയ ബ്രിട്ടീഷുകാരൻ ആര് ?
(A) സാൻഡേഴ്സൺ
(B) ജനറൽ ഡയർ
(C) റോബർട്ട് ക്ലൈവ്
(D) കോൺവാലീസ്

68. ഇന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്കു ശാല സ്ഥാപിച്ചതെവിടെ ?
(A) ജംഷഡ്പൂർ (B) ദുർഗ്ഗാപ്പൂർ (C) ബൊക്കാറോ (D) റൂർക്കേല

69. ഇന്ത്യയിൽ സുപ്രീം കോടതി വിധി പുനപരിശോധിക്കുവാനുള്ള അധികാരം ആർക്കാണ് ?
(A) പാർലമെന്റ് (B) പ്രസിഡന്റ് (C) പ്രധാനമന്ത്രി (D) സുപ്രീം കോടതി

70. ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വത നിര ഏതാണ് ?
(A) ഹിമാചൽ (B) ആരവല്ലി (C) ഹിമാദ്രി (D) സിവാലിക്

71. സാമൂഹ്യ അനാചാരങ്ങൾക്കെതിരെ 'മിശ്ര ഭോജനം' എന്ന പേരിൽ സമരം നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ആരായിരുന്നു ?
(A) അയ്യൻകാളി
(B) ശ്രീനാരായണഗുരു
(C) ചട്ടമ്പി സ്വാമികൾ
(D) സഹോദരൻ അയ്യപ്പൻ

72. യമുനാനദി ഏതു നദിയുടെ പോഷക നദിയാണ് ?
(A) സിന്ധുനദി (B) ഗംഗാനദി (C) കൃഷ്ണാ നദി (D) ബ്രഹ്മപുത്രാ നദി

73. ഇന്ത്യൻ ഭരണ ഘടനയുടെ കരട് രൂപം തയ്യാറാക്കിയ സമിതിയുടെ അദ്ധ്യക്ഷൻ ആരായിരുന്നു?
(A) ഡോ. രാജേന്ദ്ര പ്രസാദ്
(B) ഗാന്ധിജി
(C) ഡോ. അംബേദ്കർ
(D) നെഹ്റു

74. സ്വാതന്ത്ര്യാനന്തരം നിയമിച്ച ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ അദ്ധ്യക്ഷൻ ആരായിരുന്നു ?
(A) ഡോ. രാധാകൃഷ്ണൻ
(B) ലക്ഷ്മണ സ്വാമി മുതലിയാർ
(C) ഡോ. D.S. കോത്താരി
(D) പ്രൊ. യശ്പാൽ

75. ഇന്ത്യയിൽ ആദ്യത്തെ അണുപരീക്ഷണം നടത്തിയ സ്ഥലം പൊക്രാൻ ആണ്. പൊക്രാൻ ഏത് സംസ്ഥാനത്താണ് ?
(A) രാജസ്ഥാൻ (B) മദ്ധ്യപ്രദേശ് (C) ബീഹാർ (D) ഒറീസ്സ

76. ഇന്ത്യയുടെ ആസൂത്രണ കമ്മീഷന്റെ ആദ്യത്തെ ഉപാദ്ധ്യക്ഷൻ ആരായിരുന്നു ?
(A) ജവഹർലാൽ നെഹ്റു
(B) ലാൽബഹദൂർ ശാസ്ത്രി
(C) സർദാർ പട്ടേൽ
(D) ഗുൽസാരിലാൽ നന്ദ

77. ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്നത് ആരെ?
(A) വിജയലക്ഷ്മിപണ്ഡിറ്റ്
(B) ലതാമങ്കേഷ്കർ
(C) സരോജിനി നായിഡു
(D) K.S. ചിത്ര

78. ഇന്ത്യയുടെ ആറ്റമിക് എനർജി കമ്മീഷൻ സ്ഥാപിച്ച വർഷം ഏത് ?
(A) 1947 (B) 1948 (C) 1950 (D) 1949

79. കമ്പരാമായണത്തിന്റെ കർത്താവായ കമ്പർ ഏത് സംസ്ഥാനത്താണ് ജീവിച്ചിരുന്നത് ?
(A) കേരളം (B) തമിഴ്നാട് (C) കർണ്ണാടകം (D) ആന്ധ്രപ്രദേശ്

80. കേരളത്തിലെ ആദ്യത്തെ വന്യ ജീവി സംരക്ഷണ കേന്ദ്രം ഏത് ?
(A) തേക്കടി (B) സൈലന്റ്‌വാലി (C) ഇരവികുളം (D) ആതിരപ്പള്ളി

81. കോളീവുഡ് എന്ന പേരിലറിയപ്പെടുന്ന സിനിമാ മേഖല ഏത് ?
(A) മലയാളം (B) തെലുങ്ക് (C) ഹിന്ദി (D) തമിഴ്

82. കുടുംബ ശ്രീ പദ്ധതി ആദ്യമായി തുടങ്ങിയ ജില്ല ഏത് ?
(A) കോട്ടയം (B) എറണാകുളം (C) ആലപ്പുഴ (D) കോഴിക്കോട്

83. നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയ ആദ്യത്തെ രാഷ്ട്രപതി ആര് ?
(A) K.R. നാരായണൻ (B) പ്രണാബ് മുഖർജി
(C) APJ അബ്ദുൾകലാം (D) പ്രതിഭാപാട്ടീൽ

84. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ആര് ?
(A) വൈകുണ്ഠ സ്വാമി (B) ശ്രീനാരായണ ഗുരു
(C) അയ്യൻകാളി (D) ചട്ടമ്പി സ്വാമികൾ

85. ഏക ദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ ഡബിൾ സെഞ്ച്വറികൾ നേടിയ താരം ആര് ?
(A) ടെണ്ടുൽക്കർ (B) വിരാട് കോഹ്‌ലി (C) സംഗക്കാര (D) രോഹിത്ശർമ്മ

86. 2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല ഏത്?
(A) ആലപ്പുഴ (B) തിരുവനന്തപുരം
(C) എറണാകുളം (D) കോട്ടയം

87. ആസൂത്രണകമ്മീഷന്റെ പുതിയ പേര് ഏത് ?
(A) നീതി ആയോഗ് (B) നീതിയോഗ് (C) നീതിധർമ്മ (D) നീതിസഭ

88. 2014-ലെ സാഫ് വനിതാ വോളിബാൾ കിരീടം നേടിയ രാജ്യം ഏത് ?
(A) പാകിസ്ഥാൻ (B) നേപ്പാൾ (C) ശ്രീലങ്ക (D) ഇന്ത്യ

89. ഇന്ത്യയുടെ റെയിൽവേ മന്ത്രി ആര് ?
(A) സദാനന്ദ ഗൗഡ (B) രവിശങ്കർപ്രസാദ്
(C) സുരേഷ് പ്രഭു (D) രാധാമോഹൻസിംഗ്

90. 'കേരള സിംഹം' എന്ന് അറിയപ്പെടുന്നത് ആരെയാണ് ?
(A) വേലുത്തമ്പിദളവ (B) പഴശ്ശിരാജ
(C) ടിപ്പുസുൽത്താൻ (D) പാലിയത്തച്ഛൻ

91. കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിന്റെ കേന്ദ്രം എവിടെയായിരുന്നു ?
(A) പയ്യന്നൂർ (B) കോഴിക്കോട് (C) കൊച്ചി (D) ആലപ്പുഴ

92. ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്ന് ആദ്യമായി വിശേഷിപ്പിച്ചതാര് ?
(A) രവീന്ദ്രനാഥ ടാഗോർ (B) ജവഹർലാൽ നെഹ്റു
(C) വല്ലഭായി പട്ടേൽ (D) സുഭാഷ് ചന്ദ്രബോസ്

93. തിരുവിതാംകൂറിൽ ഭരണം നടത്തിയ അവസാനത്തെ രാജാവാര് ?
(A) മാർത്താണ്ഡ വർമ്മ (B) ശ്രീ മൂലം തിരുനാൾ
(C) ശ്രീ ചിത്തിര തിരുനാൾ (D) ധർമ്മരാജാവ്

94. കേരളത്തിലെ ആദ്യത്തെ കോളേജ് ഏത് ?
(A) യൂണിവേഴ്സിറ്റി കോളേജ് (B) CMS കോളേജ്
(C) M.G. കോളേജ് (D) വിക്ടോറിയാ കോളേജ്

95. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ ആര് ?
(A) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(B) സി. കേശവൻ
(C) K.P. കേശവമേനോൻ
(D) വക്കം അബ്ദുൾ ഖാദർ മൗലവി

96. അന്യായമായി തടവിലാക്കിയ ഒരാളിനെ മോചിപ്പിക്കുവാൻ ഉപയോഗിക്കുന്ന റിട്ട് ഏത് ?
(A) മാൻഡമസ് (B) ഹേബിയസ് കോർപസ്
(C) പ്രൊഹിബിഷൻ (D) ക്വോവാറന്റോ

97. താഴെ കൊടുത്തിട്ടുള്ളതിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന നദി ഏത് ?
(A) കാവേരി (B) കൃഷ്ണ (C) നർമ്മദ (D) ഗോദാവരി

98. പരുത്തി കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണ് ഏത് ?
(A) കറുത്ത മണ്ണ് (B) എക്കൽ മണ്ണ് (C) പർവ്വത മണ്ണ് (D) മരുഭൂമി മണ്ണ്

99. ഹിരാക്കുഡ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത് ഏത് നദിയിലാണ് ?
(A) സത്‌ലജ് (B) കൃഷ്ണ (C) മഹാനദി (D) കാവേരി

100. കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ആരായിരുന്നു ?
(A) പട്ടം താണുപിള്ള (B) EMS നമ്പൂതിരിപ്പാട്
(C) R. ശങ്കർ (D) E.K. നായനാർ

-o0o-

A